# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.727 11.03.2015 - ൽ മറുപടിയ്ക്ക്

**കിടത്തി ചികിത്സാ സൗകര്യമുള്ള ആശുപത്രികൾ**

| **ചോദ്യം**<br>**ശ്രീ .വി .എം . ഉമ്മർ മാസ്റ്റർ :** | **മറുപടി**<br>**ശ്രീ. വി. എസ് . ശിവകുമാർ**<br>**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)** |
|---|---|
| (എ) കിടത്തി ചികിത്സാ സൗകര്യമുള്ള മെഡിക്കൽ കോളേജ് ആശുപത്രി-കളുൾപ്പെടെ എത്ര സർക്കാർ ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ട്; | 8 സർക്കാർ മെഡിക്കൽ കോളേജുകളിലും കിടത്തി ചികിത്സ നടത്തിവരുന്നുണ്ട്. ആരോഗ്യവകുപ്പ് ഡയറക്ടറുടെ കീഴിൽ കിടത്തി ചികിത്സാ സൗകര്യമുള്ള 535 സർക്കാർ ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) ഇവയിലൊട്ടാകെ എത്ര കിടക്കകളാ-ണുള്ളത്; ശരാശരി എത്ര രോഗികളെ കിടത്തി ചികിത്സിക്കേണ്ടി വരാറുണ്ട്; | ആകെ 10518 കിടക്കകളാണ് സർക്കാർ മെഡിക്കൽ കോളേജുകളിൽ ഉള്ളത്. ഇവിടെ 100 ശതമാനം കിടക്കകളും രോഗികളുള്ളതാണ്. മറ്റ് സർക്കാർ ആശുപത്രികളിൽ ആകെ 35816 കിടക്കകളാണുള്ളത്. ഈ ആശുപത്രികളിൽ ഒരു മാസം ശരാശരി 267978 രോഗികളെ കിടത്തി ചികിത്സിക്കേണ്ടതായി വരുന്നു. |
| (സി) മെഡിക്കൽ കോളേജാശുപത്രികൾ, എസ്.എ.ടി. പോലുള്ള വനിതാ ആശുപത്രികൾ എന്നിവിടങ്ങളിൽ ലഭ്യമായ കിടക്കകളിലും വളരെയധികം രോഗികളെ കിടത്തി ചികിത്സിക്കേണ്ടി വരുന്നതുമൂലമുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;<br><br>(ഡി) ഇത്തരം ആശുപത്രികളിലെ കിടത്തി ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് മുന്തിയ പരിഗണന നൽകുമോ? | (സി) & (ഡി)<br>അനുവദനീയമായ കിടക്കകളുടെ എണ്ണത്തിൽ കൂടുതൽ രോഗികളെ കിടത്തി ചികിത്സിക്കേണ്ടി വരുന്നുണ്ട്. എന്നാൽ രോഗികൾക്ക് അസൗകര്യം വരാത്ത രീതിയിൽ കിടക്കുന്നതിനുള്ള സൗകര്യം നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ